# സാക്ഷാൽകൃതമാവാത്ത സത്യവിശ്വാസം

ഡോ. സ്വലാഹ് അബ്ദുൽ ഫത്താഹ് ഖാലിദി

സത്യവിശ്വാസത്തെ തറപ്പിച്ചും ഊന്നിയും അവതരിപ്പിക്കാനായി ഖുർആനിൽ نون التوكيد നാലു തവണ പ്രയോഗിച്ചിട്ടുണ്ട്.

## 1

അഭിസംബോധിതരോട്, 'നിങ്ങൾ വിശ്വസിക്കുക തന്നെ ചെയ്യും' എന്ന് പറയുന്നതാണ് ഒന്നാമത്തെ ഇനം

وَإِذْ أَخَذَ اللَّهُ مِيثَاقَ النَّبِيِّينَ لَمَا آتَيْتُكُم مِّن كِتَابٍ وَحِكْمَةٍ ثُمَّ جَاءَكُمْ رَسُولٌ مُّصَدِّقٌ لِّمَا مَعَكُمْ لَتُؤْمِنُنَّ بِهِ وَلَتَنصُرُنَّهُ

(അല്ലാഹു നബിമാരോട് കരാർ വാങ്ങിയ സന്ദർഭം (ശ്രദ്ധിക്കുക): ഞാൻ നിങ്ങൾക്ക് വേദഗ്രന്ഥവും വിജ്ഞാനവും നൽകുകയും, അനന്തരം നിങ്ങളുടെ പക്കലുള്ളതിനെ ശരിവെച്ചുകൊണ്ട് ഒരു ദൂതൻ നിങ്ങളുടെ അടുത്ത് വരികയുമാണെങ്കിൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ നിശ്ചയമായും സഹായിക്കേണ്ടതുമാണ്' تُؤْمِنُنَّ (നിങ്ങൾ തീർച്ചയായും വിശ്വസിക്കുക തന്നെ ചെയ്യുമെന്ന്) എന്ന പദം അഭിസംബോധിതരെ ഉദ്ദേശിച്ചുള്ള ക്രിയയാണ്. അത് ഗാഢമായി തറപ്പിച്ചു പറയാൻ ഉപയോഗിക്കുന്ന 'നൂൻ (نون التوكيد الثقيلة) ഉപയോഗിച്ച് ശക്തിപ്പെടുത്തിയിരിക്കുന്നു. മുഹമ്മദ് നബി(സ)യുടെ നിയോഗംവരെ ജീവിച്ചിരിപ്പുള്ള എല്ലാ നബിമാരും അദ്ദേഹത്തിൽ വിശ്വസിക്കുകയും പിൻപറ്റുകയും സഹായിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് അല്ലാഹു അവരിൽനിന്ന് കരാർ വാങ്ങി എന്നതാണ് സൂക്തത്തിലെ വിഷയം - എല്ലാ നബിമാരും അതിനോട് യോജിച്ച് അങ്ങനെയാവാമെന്ന് പ്രതിജ്ഞ ചെയ്തു.

قَالُوا أَقْرَرْنَا قَالَ فَاشْهَدُوا وَأَنَا مَعَكُم مِّنَ الشَّاهِدِينَ

(നബിമാർ പറഞ്ഞു: 'ഞങ്ങൾ അംഗീകരിച്ചു.' അല്ലാഹു പറഞ്ഞു: 'നിങ്ങൾ സാക്ഷ്യം വഹിക്കുക, ഞാനും നിങ്ങളോടൊപ്പം സാക്ഷിയായിരിക്കുന്നതാണ്' - *ആലുഇംറാൻ* 81).

പക്ഷേ, സംഭവലോകത്ത് ഈ വിശ്വാസം യാഥാർഥ്യമായിട്ടുണ്ടോ? മറ്റൊരുവിധം പറഞ്ഞാൽ, മുഹമ്മദ് നബി പ്രവാചകനായി നിയോഗിതനായപ്പോൾ ഏതെങ്കിലും നബി

**മൂസാ നബി(അ)യെ കളവാക്കിയ ഫറോവയെയും ജനതയെയും അല്ലാഹു ശിക്ഷിച്ചു. തങ്ങളുടെ മേലുള്ള ശിക്ഷ നീക്കിക്കിട്ടാനായി അല്ലാഹുവിനോട് പ്രാർഥിക്കാനായി അവർ മൂസാ നബിയോട് ആവശ്യപ്പെട്ടു. ശിക്ഷ നീങ്ങിയാൽ വിശ്വസിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്തു. അതു പ്രകാരം മൂസാനബി പ്രാർഥിച്ചു. ശിക്ഷ നീങ്ങി. പക്ഷേ, അവർ വിശ്വസിച്ചില്ല. കരാർ ലംഘിച്ചു.**

ജീവിച്ചിരിപ്പുണ്ടായിരുന്നോ?

ഇല്ലെന്നാണുത്തരം. പ്രവാചക നിയോഗത്തിനു മുമ്പുതന്നെ എല്ലാ നബിമാരും പരലോകപ്രാപ്തരായിക്കഴിഞ്ഞിരുന്നു. ഭൂമുഖത്ത് വെച്ച് മുഹമ്മദ് നബി ഒരു നബിയുമായും സന്ധിച്ചിട്ടില്ല.

(നിശാ പ്രയാണരാവിൽ അവിടുന്ന് ബൈത്തുൽ മുഖദ്ദസിലും ഉന്നത വാനലോകത്തും വെച്ച് മറ്റു നബിമാരുമായി സന്ധിച്ചത് സവിശേഷമായ അമാനുഷ ദൃഷ്ടാന്തമായിരുന്നു. അവരാരും ഭൂമിയിൽ അപ്പോൾ ജീവിച്ചിരിപ്പുണ്ടായിരുന്നില്ല).

ചുരുക്കത്തിൽ, 'നിങ്ങൾ വിശ്വസിക്കുക തന്നെ ചെയ്യു'മെന്ന പ്രസ്താവന സംഭവലോകത്തല്ല യാഥാർഥ്യമായത്.

**സത്യവിശ്വാസം നിലനിൽക്കേണ്ടത് പരസ്യ പ്രചാരണത്തിന്റെ ബലത്തിലല്ല- സത്യവിശ്വാസി തന്റെ ശരീരമനസ്സുകളെയും സ്വഭാവ സംസ്കാരങ്ങളെയും വിശ്വാസത്തിന്റെ ശക്തിയാലുള്ള പ്രായോഗിക സാക്ഷ്യമായാണ് അവതരിപ്പിക്കുന്നത്. അയാളെ സംബന്ധിച്ചേടത്തോളം 'വാക്കിന്റെ തെളിവി'നേക്കാൾ 'കർമസാക്ഷ്യ'മാണ് പ്രധാനം. 'തീർച്ചയായും വിശ്വസിക്കും' 'വിശ്വസിക്കുക തന്നെ ചെയ്യും', 'എന്തുതന്നെയായാലും വിശ്വസിക്കും', എന്നെല്ലാമുള്ള ശൈലിയിൽ പരസ്യ പ്രഖ്യാപനം നടത്തുന്നവരുടെ അവകാശ വാദത്തെ സംശയത്തോടെയേ നോക്കിക്കാണാൻ കഴിയുകയുള്ളൂ. സത്യസന്ധത തൊട്ടുതീണ്ടാത്തവർക്കേ ഇത്തരത്തിൽ അവകാശവാദം ഉന്നയിക്കേണ്ടിവരികയുള്ളൂ.**

## 2

'യേശുവിലുള്ള ക്രൈസ്തവരുടെ വിശ്വാസം നിഷ്ഫലം.'

ഈസാ നബി(അ) അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്ന് എല്ലാ ക്രൈസ്തവർക്കും നന്നായറിയാമെന്ന് ഖുർആൻ പറയുന്നു- മരണാസന്നവേളയിലായിരിക്കും അത് ബോധ്യപ്പെടുക. വിശ്വാസവും പശ്ചാത്താപവും ഫലപ്പെടാത്ത വേളയായിരിക്കും അതെന്നു മാത്രം.

وَإِن مِّنْ أَهْلِ الْكِتَابِ إِلَّا لَيُؤْمِنَنَّ بِهِ قَبْلَ مَوْتِهِ ۖ

(വേദക്കാരിൽ ആരും തന്നെ തന്റെ മരണത്തിനു മുമ്പായി ഈസായിൽ വിശ്വസിക്കാത്തവരായി ഉണ്ടാവില്ല - *അന്നിസാഅ്* 159).

ഏതൊരു ക്രൈസ്തവനും തന്റെ മരണവേളയിൽ, ഈസാ ദൈവപുത്രനല്ലെന്നും അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും വിശ്വസിച്ചായിരിക്കും മരിക്കുക എന്നാണ് മേൽസൂക്തത്തിന്റെ വിവക്ഷ എന്നത്രെ പ്രബലാഭിപ്രായം- പക്ഷേ, മരണവേളയിലെ വിശ്വാസം സ്വീകരിക്കപ്പെടില്ല.

وَلَيْسَتِ التَّوْبَةُ لِلَّذِينَ يَعْمَلُونَ السَّيِّئَاتِ حَتَّىٰ إِذَا حَضَرَ أَحَدَهُمُ الْمَوْتُ قَالَ إِنِّي تُبْتُ الْآنَ وَلَا الَّذِينَ يَمُوتُونَ وَهُمْ كُفَّارٌ ۚ

(പശ്ചാത്താപം എന്നത്, തെറ്റുകൾ ചെയ്തുകൊണ്ടിരിക്കുകയും, എന്നിട്ട് മരണം ആസന്നമാവുമ്പോൾ 'ഞാനിതാ പശ്ചാത്തപിച്ചിരിക്കുന്നു' എന്നു പറയുകയും ചെയ്യുന്നവർക്കുള്ളതല്ല. സത്യനിഷേധികളായിക്കൊണ്ട് മരണമടയുന്നവർക്കുമുള്ളതല്ല.... - *അന്നിസാഅ്* 18).

യേശുവിലുള്ള ക്രൈസ്തവരുടെ വിശ്വാസം പ്രയോജനം ചെയ്യാത്ത വേളയിലായതുകൊണ്ട് ആ വിശ്വാസം യാഥാർഥ്യമാവുന്നില്ല എന്നതാണ് വസ്തുത. ചുരുക്കത്തിൽ, لَيُؤْمِنَنَّ (അവർ വിശ്വസിക്കുക തന്നെ ചെയ്യും) എന്ന പ്രസ്താവന സംഭവലോകത്ത് യാഥാർഥ്യമാകുന്നതല്ല.

## 3

മൂസാ നബി(അ)യെ കളവാക്കിയ ഫറോവയെയും ജനതയെയും അല്ലാഹു ശിക്ഷിച്ചു. തങ്ങളുടെ മേലുള്ള ശിക്ഷ നീക്കിക്കിട്ടാനായി അല്ലാഹുവിനോട് പ്രാർഥിക്കാനായി അവർ മൂസാ നബിയോട് ആവശ്യപ്പെട്ടു. ശിക്ഷ നീങ്ങിയാൽ വിശ്വസിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്തു. അതു പ്രകാരം മൂസാനബി പ്രാർഥിച്ചു. ശിക്ഷ നീങ്ങി. പക്ഷേ, അവർ വിശ്വസിച്ചില്ല. കരാർ ലംഘിച്ചു.

وَلَمَّا وَقَعَ عَلَيْهِمُ الرِّجْزُ قَالُوا يَا مُوسَى ادْعُ لَنَا رَبَّكَ بِمَا عَهِدَ عِندَكَ ۖ لَئِن كَشَفْتَ عَنَّا الرِّجْزَ لَنُؤْمِنَنَّ لَكَ وَلَنُرْسِلَنَّ مَعَكَ بَنِي إِسْرَائِيلَ ﴿١٣٤﴾ فَلَمَّا كَشَفْنَا عَنْهُمُ الرِّجْزَ إِلَىٰ أَجَلٍ هُم بَالِغُوهُ إِذَا هُمْ يَنكُثُونَ ﴿١٣٥﴾

(ശിക്ഷ അവരുടെ മേൽ വന്നു ഭവിച്ചപ്പോൾ അവർ പറഞ്ഞു: ഹേ, മൂസാ, നിന്റെ രക്ഷിതാവ് നിന്നോട് ചെയ്തിട്ടുള്ള കരാർ മുൻനിർത്തി ഞങ്ങൾക്കുവേണ്ടി അവനോട് നീ പ്രാർഥിക്കുക. ഞങ്ങളിൽനിന്ന് ഈ ശിക്ഷ നീ അകറ്റിത്തരുന്ന പക്ഷം ഞങ്ങൾ നിന്നെ വിശ്വസിക്കുകയും, ഇസ്രായേൽ സന്തതികളെ നിന്റെ കൂടെ ഞങ്ങൾ അയച്ചുതരികയും ചെയ്യുന്നതാണ്; തീർച്ച. എന്നാൽ അവർ എത്തേണ്ടതായ ഒരു അവധിവരെ നാം അവരിൽനിന്ന് ശിക്ഷ അകറ്റിക്കൊടുത്തപ്പോൾ അവരതാ വാക്ക് ലംഘിക്കുന്നു - *അൽ അഅ്റാഫ്* 134,135).

لَنُؤْمِنَنَّ (ഞങ്ങൾ വിശ്വസിക്കുക തന്നെ ചെയ്യും) എന്ന ഫറോവയുടെയും പ്രഭൃതികളുടെയും അവകാശവാദം സംഭവലോകത്ത് യാഥാർഥ്യമായോ? ഇല്ലെന്നതാണല്ലോ ചരിത്ര വസ്തുത.

## 4

'ബഹുദൈവവിശ്വാസികൾ കള്ളസത്യം ചെയ്യുന്നു.'

ഭൗതികവും അനുഭവവേദ്യവുമായ അമാനുഷ



ദൃഷ്ടാന്തങ്ങൾ കാണിച്ചുതന്നാൽ തങ്ങൾ തീർച്ചയായും വിശ്വസിച്ചുകൊള്ളാമെന്ന് ബഹുദൈവ വിശ്വാസികൾ ഉറപ്പായി വാദിച്ചു.

وَأَقْسَمُوا بِاللَّهِ جَهْدَ أَيْمَانِهِمْ لَئِن جَاءَتْهُمْ آيَةٌ لَّيُؤْمِنُنَّ بِهَا ۚ قُلْ إِنَّمَا
الْآيَاتُ عِندَ اللَّهِ ۖ وَمَا يُشْعِرُكُمْ أَنَّهَا إِذَا جَاءَتْ لَا يُؤْمِنُونَ ﴿١٠٩﴾

(തങ്ങൾക്ക് വല്ല ദൃഷ്ടാന്തവും വന്നു കിട്ടുന്ന പക്ഷം അതിൽ വിശ്വസിക്കുക തന്നെ ചെയ്യുമെന്ന് അവർ അല്ലാഹുവിന്റെ പേരിൽ തങ്ങളെക്കൊണ്ടാവുന്ന വിധം ഉറപ്പിച്ച് സത്യം ചെയ്തു പറയുന്നു. പറയുക: ദൃഷ്ടാന്തങ്ങൾ അല്ലാഹുവിന്റെ അധീനത്തിൽ മാത്രമാണുള്ളത്. നിങ്ങൾക്കെന്തറിയാം? അത് വന്നു കിട്ടിയാൽ തന്നെ അവർ വിശ്വസിക്കുന്നതല്ല - *അൽ അൻആം* 109).

സത്യനിഷേധികളുടെ വാഗ്ദാനം സത്യമായിരുന്നോ? അമാനുഷ ദൃഷ്ടാന്തം വന്നു കിട്ടിയാൽ അവർ വിശ്വസിക്കുമായിരുന്നുവോ? ഇല്ല. ഒരിക്കലുമില്ല. വിശ്വസിക്കാൻ അവർ ഒട്ടുമേ തയാറായിരുന്നില്ല എന്നതായിരുന്നു വസ്തുത.

لَّيُؤْمِنُنَّ (അവർ വിശ്വസിക്കുക തന്നെ ചെയ്യും) എന്നതിലെ 'ഉറപ്പിച്ചു പറഞ്ഞ വിശ്വാസം' സംഭവലോകത്ത് യാഥാർഥ്യമായിട്ടില്ല.

فعل مضارع (ഭാവികാല ക്രിയ) രൂപത്തിൽ 'ഉറപ്പായും വിശ്വസിക്കും' എന്ന രീതിയിൽ ഖുർആനിൽ വന്ന നാലു സന്ദർഭങ്ങളും നമുക്ക് നൽകുന്ന സന്ദേശം ഇതത്രെ: ഖുർആനിൽ പരാമൃഷ്ടമായ 'ഉറപ്പായും വിശ്വസിക്കും' എന്ന പ്രയോഗം സംഭവലോകത്ത് ഒരിക്കലും യാഥാർഥ്യമായിട്ടില്ല. എന്തായിരിക്കും ഇതിലെ യുക്തി? നമുക്ക് പരിശോധിക്കാം:

**'സത്യസന്ധമായ സത്യവിശ്വാസത്തിന് ഉറപ്പിന്റെ അകമ്പടി വേണ്ടതില്ല.'**

സത്യസന്ധമായ സത്യവിശ്വാസത്തിന് നാവു കൊണ്ടുള്ള വാചികമായ ഉറപ്പ് ആവശ്യമില്ല. കാരണം സത്യവിശ്വാസം എന്നത് ദൃഢബോധ്യവും ഹൃദയംഗമമായ സത്യാശ്ലേഷവും തജ്ജന്യമായി ലഭിക്കുന്ന മനസ്സമാധാനവുമാണ്. സത്യവിശ്വാസം ഹൃദയത്തിൽ ഉറച്ചുകഴിഞ്ഞാൽ സ്വാഭാവികമായും ശരീരാവയവങ്ങളിലൂടെ സ്വഭാവമായും സംസ്കാരമായും പ്രവർത്തനമായും മറ്റും പ്രതിഫലിക്കും-അയാളുടെ എല്ലാറ്റിനെയും അത് ചൂഴ്ന്നു നിൽക്കും. അവിടെ കേവലമായ 'ഉറച്ച വാക്കുക'ൾക്ക് ഒരു സ്ഥാനവുമില്ല. അയാളുടെ വിശ്വാസത്തിന്റെ പ്രായോഗികമായ നിലപാട് എന്താണെന്നതാണ് പ്രധാനം.

സത്യവിശ്വാസം നിലനിൽക്കേണ്ടത് പരസ്യ പ്രചാരണത്തിന്റെ ബലത്തിലല്ല- സത്യവിശ്വാസി തന്റെ ശരീരമനസ്സുകളെയും സ്വഭാവ സംസ്കാരങ്ങളെയും വിശ്വാസത്തിന്റെ ശക്തിയാലുള്ള പ്രായോഗിക സാക്ഷ്യമായാണ് അവതരിപ്പിക്കുന്നത്. അയാളെ സംബന്ധിച്ചേടത്തോളം 'വാക്കിന്റെ തെളിവി'നേക്കാൾ 'കർമസാക്ഷ്യ'മാണ് പ്രധാനം. 'തീർച്ചയായും വിശ്വസിക്കും' 'വിശ്വസിക്കുക തന്നെ ചെയ്യും', 'എന്തുതന്നെയായാലും വിശ്വസിക്കും', എന്നെല്ലാമുള്ള ശൈലിയിൽ പരസ്യ പ്രഖ്യാപനം നടത്തുന്നവരുടെ അവകാശ വാദത്തെ സംശയത്തോടെയേ നോക്കിക്കാണാൻ കഴിയുകയുള്ളൂ. സത്യസന്ധത തൊട്ടുതീണ്ടാത്തവർക്കേ ഇത്തരത്തിൽ അവകാശവാദം ഉന്നയിക്കേണ്ടിവരികയുള്ളൂ.

ചുരുക്കത്തിൽ, ഈ വിഷയകമായ നാലു സൂക്തങ്ങളും നമുക്ക് നൽകുന്ന ആശയം ഇതത്രെ: 'ഉറപ്പായും വിശ്വസിച്ചുകൊള്ളാമെന്ന അവകാശവാദം ഒരിക്കലും സംഭവലോകത്ത് യാഥാർഥ്യമായിട്ടില്ല. വിശ്വാസം അവകാശ വാദമല്ല. കർമസാക്ഷ്യമാണ്. അല്ലാഹുവാണ് ഏറ്റവും നന്നായറിയുക! ●